"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ



സംഗ്രഹം

വനം വന്യജീവി വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - കേരള വന വികസന കോർപ്പറേഷനിൽ ഫീൽഡ് അസിസ്റ്റന്റായി സേവനമനുഷ്ഠിച്ചുവരവെ 07/12/2001-ൽ മരണപ്പെട്ട വി.കെ.രവി-യുടെ മകനായ ശ്രീ.ചന്ദു രവി-ക്ക് കേരള വന വികസന കോർപ്പറേഷനിൽ പ്യൂൺ ഗ്രേഡ്-2 തസ്തികയിൽ ആശ്രിത നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ഡി) വകുപ്പ്

സ.ഉ.(കൈ) നം.5/2020/വനം തീയതി,തിരുവനന്തപുരം, 02/04/2020

---

പരാമർശം:- 1) 7.06.2007-ലെ സ.ഉ.(പി) നം. 32/2007/പി.എൽ.ജി നമ്പർ ഉത്തരവ്

2) 22.11.2018-ലെ സ.ഉ.(പി) നം. 18/2018/പി.എൽ.ജി. നമ്പർ ഉത്തരവ്

3) കേരള വന വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 10/10/2020, 30/01/2020 തീയതികളിലെ ഇ1-579/19 നമ്പർ കത്തുകൾ

4) കോട്ടയം ജില്ലാ കളക്ടറുടെ 28/01/2020-ലെ DCKTM/297/2020 നമ്പർ കത്ത്

ഉത്തരവ്

കേരള വന വികസന കോർപ്പറേഷൻ മൂന്നാർ ഡിവിഷൻ കടലാർ സബ് യൂണിറ്റിൽ ഫീൽഡ് അസിസ്റ്റന്റായി സേവനമനുഷ്ഠിച്ചുവരവെ, 07/12/2001-ൽ കടലാർ എസ്റ്റേറ്റിൽ വച്ച് കാട്ടാനയുടെ ആക്രമണംമൂലമുണ്ടായ അപകടത്തിൽപ്പെട്ട് മരണപ്പെട്ട വി.കെ.രവി- യുടെ മൂത്ത മകനായ ശ്രീ.ചന്ദു രവി (വാഴക്കൽ വീട്, റബ്ബർ ബോർഡ് പി.ഒ., കോട്ടയം 686 009) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നു. പരേതനായ വി.കെ.രവി-യുടെ സേവനകാലം 7 വർഷവും 01 മാസവും 14 ദിവസവുമാണ്. പരേതന്റെ ജനന തീയതി, സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ, യഥാക്രമം, 30.05.1964, 25.10.1994 എന്നിവയാണ്.

17/12/2019-ന് കൂടിയ കേരള വന വികസന കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് യോഗം ശ്രീ. ചന്ദു രവി-ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം, പ്യൂൺ തസ്തികയിൽ, ആശ്രിത നിയമനം നൽകുന്നതിന് 1676-ാം നമ്പർ പ്രമേയം പാസാക്കുകയുണ്ടായി. കൂടാതെ, പരാമർശം (3)-ലെ കത്ത് പ്രകാരം കേരള വന വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറും പരാമർശം (4)-ലെ കത്ത് പ്രകാരം കോട്ടയം ജില്ലാ കളക്ടറും അപേക്ഷകന് ജോലി നല്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

അപേക്ഷകനായ ശ്രീ. ചന്ദു രവി-യുടെ ജനനത്തിയതി 01.02.1997 ആണ്. ടിയാൻ ഹയർ സെക്കന്ററി സ്കൂൾ പരീക്ഷാ പാസ്സായിട്ടുണ്ട്. ജോലി ലഭിക്കുന്നതിനായുള്ള അപേക്ഷ നിശ്ചിത സമയ പരിധിക്കുള്ളിൽ ടിയാൾ സമർപ്പിച്ചിട്ടുണ്ട്. ഈ ജോലിക്കായി പരേതന്റെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്നും മറ്റാർക്കും ജോലി ലഭിച്ചിട്ടില്ലായെന്നും അപേക്ഷകനും കോട്ടയം ജില്ലാ കളക്ടറും വ്യക്തമാക്കിയിട്ടുണ്ട്. പരേതന്റെ ആശ്രിതൻ എന്ന നിലയിൽ അപേക്ഷകനായ ശ്രീ. ചന്ദു രവി-ക്ക് ജോലി നല്കുന്നതിൽ എതിർപ്പില്ലായെന്ന് പരേതന്റെ മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ടു നല്കിയിട്ടുണ്ട്. പരാമർശം (2)-ലെ സർക്കാർ ഉത്തരവ് പ്രകാരം ആശ്രിത നിയമനത്തിനുള്ള കുടുംബ വർഷിക വരുമാന പരിധി എട്ട് ലക്ഷം രൂപയാണ്. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം

6,96,144/- രൂപയാണെന്ന് (ആറ് ലക്ഷത്തി തൊണ്ണൂറ്റാറായിരത്തി ഒരുന്നൂറ്റി നാൽപ്പത്തിനാല് രൂപ മാത്രം) മണർക്കാട് വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രം ടിയാൻ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷകൻ ഫിറ്റ്നസ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, കേരള വന വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടേയും കോട്ടയം ജില്ലാ കളക്ടറുടേയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സർക്കാർ ടി വിഷയം വിശദമായി പരിശോധിച്ചു. കേരള വന വികസന കോർപ്പറേഷൻ മൂന്നാർ ഡിവിഷൻ കടലാർ സബ് യൂണിറ്റിൽ ഫീൽഡ് അസിസ്റ്റന്റായി സേവനമനുഷ്ഠിച്ചുവരവേ 07/12/2001-ൽ കടലാർ എസ്റ്റേറ്റിൽ വച്ച് കാട്ടാനയുടെ ആക്രമണംമൂലമുണ്ടായ അപകടത്തിൽ മരണപ്പെട്ട വി.കെ.രവി- യുടെ മൂത്ത മകനായ ശ്രീ. ചന്തു രവി-യ്ക്ക് കേരള വന വികസന കോർപ്പറേഷന്റെ ആസ്ഥാന ഓഫീസിലോ, ഡിവിഷണൽ ഓഫീസുകളിലോ കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള മറ്റേതെങ്കിലും ഓഫീസിലോ നിലവിലുള്ളതോ /ആദ്യം വരുന്നതോ ആയ പ്യൂൺ ഗ്രേഡ്-2 തസ്തികയിൽ, പരാമർശം (1)- ഉം (2)-ഉം സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി, ആശ്രിത നിയമനം നല്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ടിയാനെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് കേരള വന വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകന് നല്കുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്.

ആശ്രിത നിയമനം ലഭിക്കുന്നതിലേക്കായി അപേക്ഷകൻ തെറ്റായ വിവരം നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BINOD K

ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

മാനേജിംഗ് ഡയറക്ടർ, കേരള വന വികസന കോർപ്പറേഷൻ, ആരണ്യകം, കാരാപ്പുഴ, കോട്ടയം

ജില്ലാ കളക്ടർ, കളക്ടറേറ്റ്, കോട്ടയം

ശ്രീ.ചന്തു രവി, വാഴക്കൽ വീട്, റബ്ബർ ബോർഡ് പി.ഒ., കോട്ടയം 686 009

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ നൽകുന്നതിന്)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ